**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6128** **17-03-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ ചെറുകിട സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ എത്ര ചെറുകിട സംരംഭങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ 1195 ചെറുകിട സംരംഭങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി തുടങ്ങിയ സംരംഭങ്ങളുടെ കണക്കുകൾ ശേഖരിക്കുന്ന കേന്ദ്രീകൃത പോർട്ടലിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പൊതുവായ വിവരങ്ങളാണ് ശേഖരിക്കുന്നത്. അതു പ്രകാരം പാലക്കാട് ജില്ലയിൽ 01/04/2022 മുതൽ 17/03/2023 വരെ 13872 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭകരുടെ വ്യക്തിപരമായി വിവരങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്. |
| (ബി) | ചെറുകിട സംരംഭങ്ങൾക്ക് അനുമതി നൽകിയതിലൂടെ പാലക്കാട് ജില്ലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ? | (ബി) | ചെറുകിട സംരംഭങ്ങളിലൂടെ പാലക്കാട് ജില്ലയിൽ 3226 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. സംരംഭക വർഷം പദ്ധതിയുടെ കേന്ദ്രീകൃത പോർട്ടലിൽ ലഭ്യമായ കണക്കുകൾ പ്രകാരം പാലക്കാട് ജില്ലയിൽ 01/04/2022 മുതൽ 17/03/2023 വരെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിലൂടെ 26801 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ